# ദളിത് സമൂഹവും മാധ്യമസമീപനങ്ങളും

**ഹല്ലീലു റഹ്മാൻ വി എം**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ആർ എൽ വി ഗവ. കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സ്
തൃപ്പൂണിത്തുറ
E-mail: haleelrahman38@gmail.com

**സംഗ്രഹം**

ദളിത് സമൂഹത്തോടുള്ള മാധ്യമസമീപനങ്ങൾ വിശകലനം ചെയ്യാനുള്ള ശ്രമമാണ് പ്രബന്ധം. ജനാധിപത്യം എന്ന വിശാലപരികല്പനയിലാണ് മാധ്യമധർമ്മം പൂർണ മാകുന്നത്. ദളിത് സമൂഹത്തിനു കൂടി അവകാശപ്പെട്ട നീതിയ്ക്കുവേണ്ടിയുള്ള ശബ്ദമായി മാധ്യമങ്ങൾ മാറുമ്പോഴാണ് ജനാധിപത്യത്തിന്റെ നാലാംതൂൺ എന്ന വിശേഷണം സാർത്ഥകമാവുക. കീഴാളരോടുള്ള മാധ്യമസമീപനത്തിൽ ഇനിയും ധാരാളം മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ടെന്ന് സമകാലികമായ പല സംഭവങ്ങളും വ്യക്തമാക്കുന്നു.

**താക്കോൽവാക്കുകൾ:** കീഴാളത, നാലാം തൂൺ, കുത്തകവൽക്കരണം, ബ്രാഹ്മണിസം, മാധ്യമ ഉടമസ്ഥത, പൊതുമണ്ഡലം.

ജനാധിപത്യത്തിന്റെ കാവൽഭടൻമാർ എന്നാണ് ഇന്ത്യൻ മാധ്യമങ്ങൾ വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ഇന്ന് അതൊരു പഴങ്കഥയായി മാറിയിരിക്കുന്നു. സമഗ്രാധിപത്യഭരണകൂടത്തിനും കോർപ്പറേറ്റുകൾക്കുംവേണ്ടി പ്രവർത്തിക്കുന്നവരായി മാധ്യമരംഗം മാറി. ലോകത്തെമ്പാടും വലതുപക്ഷരാഷ്ട്രീയം ആധിപത്യം സ്ഥാപിച്ചിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. എൺപതുകളോടെ ആരംഭിച്ച നവഉദാരവൽക്കരണം ക്ഷേമരാഷ്ട്രസങ്കൽപത്തിനും ജനപക്ഷ ആശയങ്ങൾക്കും പ്രതികൂലമായ കാലാവസ്ഥ സൃഷ്ടിച്ചു. കോർപ്പറേറ്റുകളുടെ സാമ്രാജ്യമായി മാധ്യമരംഗം മാറി. ഒപ്പം സമഗ്രാധിപത്യഭരണകൂടങ്ങൾ മാധ്യമങ്ങളെ ഭയപ്പെടുത്തി

യും മയപ്പെടുത്തിയും സ്വന്തം വരുതിയിലാക്കാൻ ശ്രമിച്ചു. മാറിയ രാഷ്ട്രീയസാഹചര്യത്തിൽ നിന്നുകൊണ്ട് മാധ്യമങ്ങളുടെ ദളിത് സമീപനങ്ങളെ വിശകലനം ചെയ്യൽ പ്രസക്തമാണ്.

കേരളത്തിലെ മുഖ്യധാരാമാധ്യമങ്ങളിൽ ദളിത് സാന്നിധ്യം ഇപ്പോഴും കുറവാണ്. ജീവനക്കാരെന്ന നിലയിൽ പരിശോധിക്കുമ്പോൾ ദളിതരിൽ ഭൂരിഭാഗവും ഏറ്റവും താഴെ തട്ടിലുള്ളവരായിരിക്കും. ദളിത് വിഭാഗങ്ങളിൽപ്പെട്ട അധികമാളുകളും പത്രങ്ങളുടെ പ്രാദേശിക ലേഖകരായിരിക്കുമെന്നതാണ് വാസ്തവം. ഇന്ത്യൻ മാധ്യമരംഗത്തേക്ക് നോക്കുമ്പോൾ പത്രാധിപർ ഉൾപ്പെടെയുള്ള സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന മാധ്യമപ്രവർത്തകരുടെ എണ്ണത്തിലും ദളിതർ കുറവാണെന്നു കാണാം. മാധ്യമങ്ങളിലെ ഉന്നത പദവികളിൽ ദളിതരുണ്ടോ എന്നതാണ് ചോദ്യം. മാധ്യമ അജണ്ട നിർണയിക്കുന്ന എഡിറ്റോറിയൽ ടീമിൽ ഉൾപ്പെടെ ദളിതരുടെ സാന്നിധ്യം കുറവാണ്. എഡിറ്റോറിയൽ ടീമിൽ ദളിത് പ്രാതിനിധ്യം കുറവായതിനാൽ വാർത്തകളുടെ പ്രധാന അജണ്ട നിർണയിക്കുന്നതിൽ ദളിതർക്കുള്ള പങ്ക് പരിമിതമാണ്. വാർത്താവതരണത്തിന്റെ രാഷ്ട്രീയവും കാഴ്ചപ്പാടും തീരുമാനിക്കുന്നവരിൽ കീഴാളരുടെ അസാന്നിധ്യവും അഭാവവും വലുതാണ്.

ദളിത് രാഷ്ട്രീയത്തിലൂന്നിയ മാധ്യമപ്രവർത്തനം നടത്തുന്ന ചില വ്യക്തികളെ മറന്നുകൊണ്ടല്ല ഇപ്രകാരം പറയുന്നത്. ദളിത് മാധ്യമപ്രവർത്തകരിൽ ചിലരാകട്ടെ ഓൺലൈൻ പോർട്ടലുകളിലൂടെ സ്വതന്ത്ര മാധ്യമപ്രവർത്തകരായി, ജാതിവിവേചനങ്ങളെയും സാമൂഹികപ്രശ്നങ്ങളെയും റിപ്പോർട്ട് ചെയ്യുന്നു. പ്രബലമാധ്യമങ്ങളിൽ ഇപ്പോഴും ദളിത് പ്രാതിനിധ്യം കുറവാണെന്നതാണ് വസ്തുത. ജേർണലിസം പഠിച്ച കഴിവുള്ള ധാരാളം പേർ ദളിത് സമുദായങ്ങളിലുള്ള സാഹചര്യത്തിലും ഇതിൽ മാറ്റമൊന്നുമുണ്ടായില്ല. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാലഘട്ടത്തിലും മുഖ്യധാരാമാധ്യമരംഗത്ത് ദലിത് എഡിറ്റർമാരോ ദലിത് ഉടമസ്ഥതയിലുള്ള പത്രങ്ങളോ ഇല്ലെന്നു പറയാം. ദലിത് മാധ്യമങ്ങൾ ഉണ്ടെങ്കിൽതന്നെ അവയെല്ലാം മുഖ്യധാരയ്ക്ക് പുറത്താണ്. അവയിൽ പലതും വാർത്താപത്രങ്ങൾ എന്ന നിലയേക്കാൾ സാഹിത്യമാസികകൾ എന്ന തലത്തിലാണ് നിലനിന്നിരുന്നത്.

### കീഴാള പത്രപ്രവർത്തനം-ലഘുചരിത്രം

ജാതിസമ്പ്രദായം ശക്തമായിരുന്ന കാലഘട്ടത്തിൽ പത്രമാധ്യമങ്ങൾ സ്വാഭാവികമായും സവർണ്ണ, സമ്പന്നവിഭാഗങ്ങളുടെ നിയന്ത്രണത്തിലായിരിക്കും. അത്തരം മാധ്യമങ്ങളിൽ ദളിത് രാഷ്ട്രീയത്തിന് കാര്യമായ ഇടമുണ്ടാകൽ പ്രയാസകരമാണ്. കീഴാളന്റെ ശബ്ദം അതേ അർത്ഥത്തിൽ മുഴങ്ങണമെങ്കിൽ കീഴാളർ നയിക്കുന്ന കീഴാളമാധ്യമങ്ങൾ രൂപപ്പെടേണ്ടിയിരുന്നു. സംഘടിച്ച് ശക്തരാകുവാൻ നിശ്ചയിച്ച കീഴാളർ, സംഘടനകൾ രൂപീകരിക്കുകയും ആശയവിനിമയത്തിനും ആശയപ്രചാരണത്തിനുമായി പത്രമാധ്യമങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു.

ഇന്ത്യയിലെ ആദ്യത്തെ കീഴാളപത്രം എന്ന് വിശേഷിപ്പിക്കാവുന്നത് ജ്യോതിബാ ഫൂലെയുടെ സത്യശോധക് സമാജിന്റെ മുഖപത്രമായ ദീനബന്ധുവാണ്. ദളിത് പെൺകുട്ടികൾക്കായി വിദ്യാലയം ആരംഭിച്ചും വിവിധ ജാതിക്കാരായ പെൺകുട്ടികൾക്ക് വേണ്ടി പൊതുപെൺപള്ളിക്കൂടം തുറന്നും ജ്യോതിബാ ഫൂലെ കൊളുത്തിയ വിദ്യാവിപ്ലവത്തിന്റെ തുടർച്ച അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തുടങ്ങിയ പത്രത്തിലും കാണാം.


ISSN: 2582 - 2594

മലയാളക്കരയിലും കീഴാളശബ്ദം മുഴക്കുവാൻ ധീരനായ അയ്യങ്കാളിയും അദ്ദേഹത്തിന്റെ പ്രസ്ഥാനമായ സാധുജനപരിപാലനയോഗവും ശ്രമിച്ചു. 1907 ലാണ് സാധുജന പരിപാലന സംഘം സാമൂഹ്യമായ എല്ലാവിധ അസമത്വങ്ങൾക്കുമെതിരെയുള്ള പ്രതിഷേധമായി രൂപം കൊണ്ടത്. സാധുജന പരിപാലനസംഘത്തിലൂടെ അവകാശസമരങ്ങൾ ആരംഭിച്ച കീഴാളർക്ക് ശക്തിപകരുന്നതിനും അവരെ ആശയപരമായി ദൃഢീകരിക്കുന്നതിനും പ്രചരണമാധ്യമം എന്ന നിലയിൽ ആരംഭിച്ച പ്രസിദ്ധീകരണമാണ് സാധുജനപരിപാലിനി. 1914 മെയ് മാസത്തിലാണ് ഈ പത്രം പുറത്തിറങ്ങിയത്. ഒന്നര ദശാബ്ദത്തോളം പ്രസിദ്ധീകരണം തുടർന്ന മലയാളത്തിലെ ആദ്യത്തെ കീഴാളപത്രമാണിത്.

ദളിതനായ ഒരു പത്രാധിപരെ മഹാനായ അയ്യൻകാളി നിയമിച്ച സംഭവം ശ്രദ്ധേയമാണ്. കേരളത്തിൽ ആദ്യത്തെ ദളിത് പത്രാധിപർ എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ചെമ്പുംതറ കാളിചോതികുറുപ്പനായിരുന്നു ആ പത്രാധിപർ. ക്രൈസ്തവ മിഷനറിമാരുടെ സഹായത്താൽ പഠിക്കുവാൻ അവസരം ലഭിച്ച അക്കാലത്തെ അപൂർവ്വം കീഴാള യുവാക്കളിൽ ഒരാളായിരുന്നു കാളികുറുപ്പൻ. മലയാളപത്രചരിത്രത്തിലെ ആദ്യത്തെ കീഴാളപത്രം എന്ന പദവിക്ക് സാധുജന പരിപാലിനി അർഹമായിത്തീരുമ്പോൾ സാമൂഹികരംഗത്ത് അതുയർത്തി വിട്ട ആശയപ്രചരണം കേരളസമൂഹത്തിന്റെ മുന്നേറ്റത്തിന് വഴിതെളിച്ചു.

സാധുജനപരിപാലിനി പോലെയുള്ള ദളിത് പത്രങ്ങളോടൊപ്പം ഇതര കീഴാളസമുദായങ്ങൾ നടത്തിയ പത്രങ്ങൾക്കുള്ള പ്രാധാന്യവും ഒട്ടും കുറവല്ല. അവരും ദളിത് മനുഷ്യരുടെ അവകാശങ്ങൾക്ക് വേണ്ടി നിരന്തരം പോരാടിയ മാധ്യമങ്ങളാണ്. പരവൂർ കേശവനാശാൻ 1891ൽ കൊല്ലം പരവൂരിൽ നിന്ന് ആരംഭിച്ച സുജനാനന്ദിനി എന്ന വൃത്താന്തപത്രം പിന്നാക്കജനവിഭാഗങ്ങളുടെ ഉന്നതിയ്ക്കായി നിരന്തരം ശബ്ദമുയർത്തി. സമുദായപരിഷ്കരണവും അയിത്തോച്ചാടനവും സാമൂഹികമാറ്റത്തിനുള്ള വിദ്യാഭ്യാസപ്രവർത്തനങ്ങളും സുജനാനന്ദിനിയുടെ ലക്ഷ്യങ്ങളായിരുന്നു. മലയാളക്കരയിലെ അഗ്നിക്കിരയാക്കപ്പെട്ട ആദ്യത്തെ പത്രം സുജനാനന്ദിനിയായിരിക്കും. ജാതിവ്യവസ്ഥയുടെ അപകടകരമായ മുഖങ്ങൾ അനാവൃതമാക്കി ഉച്ചനീചത്വങ്ങൾക്കെതിരേ ശക്തമായി പേന ചലിപ്പിച്ച പത്രത്തെ ചുട്ടുകരിച്ചു. വഴി നടക്കാനും വസ്ത്രം ധരിക്കാനും ആഭരണം ധരിക്കാനും വിദ്യ അഭ്യസിക്കാനും അഭിപ്രായം പറയാനും ഭക്ഷണം കഴിക്കാനും അവകാശമില്ലാതെ അവഗണനയുടെ ആഴങ്ങളിലെറിഞ്ഞിരുന്ന ഒരു ജനതതിയെ സ്വാതന്ത്ര്യമുള്ളവരാക്കി, അവരുടെ സ്വന്തം അവകാശബോധം വീണ്ടെടുക്കുന്നതിന് മുന്നിട്ടിറങ്ങിയ പത്രം എന്ന നിലയിൽ സുജനാനന്ദിനി അടയാളപ്പെടുത്തപ്പെട്ടു.

കേരളത്തിലെ തീരപ്രദേശങ്ങളിലെ ജനസമൂഹം നവോത്ഥാനത്തിന്റെ ഭാഗമായതിന്റെ ഉദാഹരണമാണ് അരയൻ എന്ന വാരിക. മത്സ്യത്തൊഴിലാളികളുടെ സമൂഹമായ അരയരുടെ പ്രശ്നങ്ങളെ ജനമധ്യത്തിൽ എത്തിക്കുന്നതിനായി ഡോക്ടർ വേലുക്കുട്ടി അരയൻ 1917ൽ കരുനാഗപ്പള്ളിയിൽ നിന്നും പ്രസിദ്ധീകരിച്ച വാരികയാണ് അരയൻ. കീഴാളരുടെ മുറവിളി ഈ പത്രത്തിൽ കാണാം. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലുമായി പല പല ജാതിപ്പേരുകളിൽ ചിന്നിച്ചിതറിക്കിടന്ന അരയസമുദായത്തെ ഒരേ ചരടിൽ കോർത്ത് അരയസംസ്കാരത്തെ ഏകോപിപ്പിക്കുന്നതിൽ പത്രം വഹിച്ച പങ്ക് ചരിത്രപരമാണ്. ജാതിപ്പേര് പറയാൻ ഒട്ടും അഭിമാനക്കുറവില്ലാതിരുന്ന അദ്ദേഹം സ്വന്തം പത്രത്തിന് അരയൻ എന്ന് പേ

രിട്ടുകൊണ്ട് ജാതിയെ ചോദ്യം ചെയ്തു. സഹോദരൻ അയ്യപ്പന്റെ സഹോദരൻ, കുമാരനാശാന്റെ വിവേകോദയം, മൂർക്കോത്ത് കുമാരന്റെ മിതവാദി, വാഗ്ഭടാനന്ദന്റെ ആത്മവിദ്യാകാഹളം തുടങ്ങിയ അനേകം പത്രങ്ങൾ ദളിത്, കീഴാള നവോത്ഥാനത്തിനുവേണ്ടി പ്രവർത്തിച്ചവയാണ്.

## മൂലധനതാൽപര്യങ്ങളും ദളിത് സമീപനങ്ങളും

കുത്തകവൽക്കരണവും കോർപ്പറേറ്റിസവും മാധ്യമങ്ങളുടെ ദളിത് സമീപനങ്ങളെ സ്വാധീനിക്കുന്നത് എങ്ങനെയായിരിക്കുമെന്നുള്ള അന്വേഷണവും പ്രസക്തമാണ്. മാധ്യമപ്രവർത്തനം സാമൂഹികപരിഷ്കരണശ്രമങ്ങളെന്ന നിലയിൽ നിന്നും മാധ്യമവ്യവസായമായും കുത്തകവ്യവസായമായും മാറിക്കഴിഞ്ഞു. വൻതോതിലുള്ള കോർപ്പറേറ്റുവൽക്കരണത്തിന് ഇന്ത്യൻ മാധ്യമരംഗം വിധേയമായിരിക്കുന്നു. കേരളത്തിലെ പത്രങ്ങളുടെ ഉടമസ്ഥത പരിശോധിച്ചാൽ അവയെല്ലാം പ്രബലമായ മതങ്ങളുമായോ, മതങ്ങളാൽ നിയന്ത്രിതമായ സംഘടനകളുമായോ, സമ്പന്നകുടുംബങ്ങളുമായോ, രാഷ്ട്രീയ പാർട്ടികളുമായോ ബന്ധമുള്ളവയായിരിക്കും. മാധ്യമ ഉടമസ്ഥത എന്ന യാഥാർഥ്യം പരിശോധിക്കാതെയാണ് പത്രപ്രവർത്തനത്തിന്റെ ചരിത്രത്തെ പലരും വിലയിരുത്തുന്നത്. മാധ്യമ ഉടമസ്ഥത, വാർത്തകൾ അവതരിപ്പിക്കുന്ന നോട്ടപ്പാട് തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് മാധ്യമങ്ങളുടെ ദളിത് രാഷ്ട്രീയം വിലയിരുത്തേണ്ടത്. മെച്ചപ്പെട്ട സാമൂഹിക, സാമ്പത്തിക ചുറ്റുപാടുകളുള്ള ഉയർന്ന ജാതികൾ സമൂഹത്തിന്റെ മുഖ്യധാരയിലെത്തുകയും സമൂഹത്തിൽ പ്രവർത്തിക്കുന്ന വിവിധ അധികാരബന്ധങ്ങളിൽ അവർക്ക് പ്രമുഖസ്ഥാനം ലഭിക്കുകയും ചെയ്തു. ഇവർക്കുവേണ്ടി നിലകൊള്ളാൻ ഒരു പരിധിവരെ മുഖ്യധാരാമാധ്യമങ്ങൾ നിർബന്ധിതരായി. അതേസമയം സമൂഹത്തിലെ ദുർബലവിഭാഗങ്ങളുടെ പ്രശ്നങ്ങളെ ആരോഗ്യകരമായി അവതരിപ്പിക്കുന്നതിൽ അവ പരാജയപ്പെടുകയും ചെയ്യുന്നു.

സാമൂഹികനവീകരണത്തേക്കാളുപരി കമ്പോളയുക്തിയുടെ താല്പര്യങ്ങളിലേക്ക് മാധ്യമങ്ങൾ മാറിക്കഴിഞ്ഞു. കമ്പോളവ്യവസ്ഥയിൽ വിവിധ ഉൽപന്നങ്ങൾ ക്രയവിക്രയം ചെയ്യുന്നതിന് ഉപഭോഗസമൂഹം ആവശ്യമാണ്. മാധ്യമങ്ങളുടെ പ്രചരണസാധ്യതകളെ ഇത്തരം ആശയമണ്ഡലരൂപീകരണത്തിനായി കമ്പോളശക്തികൾ ഉപയോഗപ്പെടുത്തുന്നു. സാങ്കേതികവിദ്യയുടെ വളർച്ച മാധ്യമരംഗത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തിയതോടൊപ്പം മൂലധനതാല്പര്യങ്ങളോടുള്ള വിധേയത്വവും വളർത്തി. കോർപ്പറേറ്റുകളെ പിന്തുണയ്ക്കുന്ന രീതിയിലാണ് വാർത്തകളും വാർത്തയ്ക്ക് പിന്നിലുള്ള രാഷ്ട്രീയവും മുന്നോട്ടുപോകുന്നത്. ഇന്ത്യയിലെ ഭൂരിഭാഗം മുഖ്യധാരാമാധ്യമങ്ങളും കോർപ്പറേറ്റുകൾ ഏറ്റെടുത്തുകഴിഞ്ഞു. ബാക്കിയുള്ള സ്വതന്ത്രമാധ്യമങ്ങൾ കൂടി കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലേക്ക് മെല്ലെ മെല്ലെ കടക്കുകയാണ്. മുഖ്യധാരാമാധ്യമങ്ങൾ കോർപ്പറേറ്റുകൾക്ക് കീഴിലാകുമ്പോൾ ബദൽമാധ്യമങ്ങളിലായിരിക്കും നമ്മുടെ ആശ്വാസം. അപ്പോഴും അദാനിയുടെയും അംബാനിയുടെയും സുഭാഷ് ചന്ദ്ര ഗോയങ്കയുടെയുമെല്ലാം ഭീമൻ കരങ്ങൾ ബദൽ മാധ്യമങ്ങളിലേക്കും കടക്കുകയാണെന്നുള്ളത് നമ്മെ ആശങ്കപ്പെടുത്തുന്നു. ആഗോളസമ്പദ്‌വ്യവസ്ഥയിൽ ഏതാണ്ട് എട്ടാം സ്ഥാനത്ത് നിൽക്കുന്ന മുകേഷ് അംബാനി ഇന്ത്യയിൽ മാത്രം പ്രവർത്തിപ്പിക്കുന്നത് ഡസൻ കണക്കിനു ചാനലുകളാണ്.

ആധുനിക മുതലാളിത്തത്തിന്റെ കലയാണ് പരസ്യം എന്നു പറഞ്ഞത് റെയ്മണ്ട് വില്യംസാണ്. പരസ്യങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന്റെ ഇടനിലക്കാരായി മാധ്യമങ്ങൾ മാ

റിക്കഴിഞ്ഞു. ടൈംസ് ഓഫ് ഇന്ത്യയിലെ മാധ്യമപ്രവർത്തകരിലൊരാളായ വിനീത് ജെയിൻ വെളിപ്പെടുത്തിയ വീക്ഷണത്തിൽ മാധ്യമങ്ങളുടെ കച്ചവടവൽക്കരണത്തെപ്പറ്റിയുള്ള കൃത്യമായ നിരീക്ഷണമുണ്ട്. ഞങ്ങൾ നടത്തുന്നത് ന്യൂസ് പേപ്പർ ബിസിനസല്ല, അഡ്വർടൈസ്മെന്റ് ബിസിനസ്സാണ് എന്നാണ് അദ്ദേഹം വ്യക്തമാക്കിയത്. ഇന്നത്തെ കാലത്ത് ഭൂരിഭാഗം മാധ്യമങ്ങളുടെയും എഴുപത്തിയഞ്ച് ശതമാനത്തിലേറെ വരുന്ന വരുമാനസ്രോതസ്സ് പരസ്യങ്ങളായി മാറിയിരിക്കുന്നു. കേസരി ബാലകൃഷ്ണപിള്ളയുടെ പത്രമായ കേസരിക്ക് ഏറ്റവും കൂടുതൽ പ്രചാരമുണ്ടായിരുന്ന കാലത്തും ആയിരം കോപ്പികളേ അച്ചടിച്ചിരുന്നുള്ളൂ. ഇന്നത്തെ കോർപ്പറേറ്റുകാലത്ത് ഈ സർക്കുലേഷൻ എത്രത്തോളം പരിമിതമാണെന്ന് പറയേണ്ടതില്ലല്ലോ.

മാധ്യമങ്ങളെ കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്നു എന്നു പറയുന്നതുപോലെ മാധ്യമങ്ങൾ തന്നെ കോർപ്പറേറ്റുകളായി മാറിയിരിക്കുന്നു എന്നു പറയുന്നതും ശരിയാണ്. പല മാധ്യമ ഉടമകളും ബിസിനസ് താൽപര്യങ്ങളുള്ളവരാണ്. റിയൽ എസ്റ്റേറ്റ്, ഹോട്ടൽ, ഖനനം, ബാങ്കിംഗ്, ഊർജ്ജം എന്നീ മേഖലകളിലെ താൽപര്യങ്ങളും മാധ്യമപ്രവർത്തനത്തോടൊപ്പം അവർ കൊണ്ടുനടക്കുന്നു. മാധ്യമസംസ്കാരം തലകീഴായി മാറിയിരിക്കുന്നു. വാർത്ത വെറുമൊരു ഉൽപ്പന്നമാണ്. ജനാധിപത്യത്തിന്റെ നാലാം തൂൺ എന്തുകൊണ്ട് ജനങ്ങൾക്ക് സത്യസന്ധമായ വിവരങ്ങൾ നൽകുന്നില്ല? പത്രപ്രവർത്തകർ അനുസരണയുള്ള കോർപ്പറേറ്റ് തൊഴിലാളികളാണിപ്പോൾ. മുൻ പ്രസ്സ് കൗൺസിൽ ചെയർമാനായിരുന്ന മാർക്കണ്ഡേയ കട്ജു പറഞ്ഞതുപോലെ മാധ്യമങ്ങളെന്നാൽ പരസ്യം നൽകുന്നവരുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്ന ഉപകരണങ്ങൾ മാത്രമാണ്.

മാധ്യമങ്ങളുടെ കുത്തകവൽക്കരണം മൂലം മാധ്യമ ഉടമസ്ഥതയെന്ന വലിയ അധികാരത്തെ തങ്ങളുടെ രാഷ്ട്രീയ, കച്ചവട താൽപര്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് വഴിയൊരുക്കുന്നു. മാധ്യമപ്രവർത്തനം എന്ന അനുഗ്രഹത്തെ നിഗ്രഹോത്സുകമാക്കി മാറ്റാൻ അവർക്കാകും. പത്രമുതലാളിത്തം പത്രാധിപരെ ഏതാണ്ട് റദ്ദാക്കുന്നു. മുതലാളിയുടെ താൽപര്യങ്ങൾക്കനുസരിച്ച് നിലകൊള്ളേണ്ട ഒരാൾ മാത്രമായി പത്രാധിപർ മാറിക്കഴിഞ്ഞു. വാർത്തകൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മാധ്യമ ഉടമയുടെ, കോർപ്പറേറ്റുകളുടെ മധുരേച്ഛയ്ക്ക് വഴിപ്പെടുന്നിടത്ത് പത്രാധിപർ അപ്രസക്തനാകുന്നു. കുത്തകകളിലേക്ക് മാധ്യമകേന്ദ്രീകരണം സംഭവിക്കുമ്പോൾ ദളിത് പ്രശ്നങ്ങളെ വിമർശനാത്മകമായോ, വിശകലനാത്മകമായോ മാധ്യമങ്ങൾ അവതരിപ്പിക്കുന്നില്ല. പകരം വാർത്തകളിലെ വിവാദമൂല്യങ്ങൾക്കും വിനോദമൂല്യങ്ങൾക്കും പ്രാധാന്യം കൈവരുന്നു.

### ബ്രാഹ്മണിക പ്രത്യയശാസ്ത്രവും മാധ്യമസമീപനങ്ങളും

ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന് പ്രാമാണ്യമേറുമ്പോൾ ദളിത്, ആദിവാസി, കീഴാള വാർത്തകളെ മാധ്യമങ്ങൾ എപ്രകാരം സമീപിക്കുന്നു എന്ന അന്വേഷണം ശ്രദ്ധേയമാണ്. സമഗ്രാധിപത്യ ഭരണകൂടത്തിന് അനുകൂലമായ രീതിയിൽ മാധ്യമങ്ങളുടെ നിലപാടുകൾ മാറിയിരിക്കുന്നു. ഇന്ത്യയിലെ മാധ്യമങ്ങൾ മൃദുഹിന്ദുത്വ/തീവ്രഹിന്ദുത്വ സമീപനം പുലർത്തുകയും യാഥാസ്ഥിതിക വലതുപക്ഷത്തേക്ക് ചായുകയും ചെയ്തു. 1990 കൾ മുതൽ ഹിന്ദുത്വ പ്രത്യയശാസ്ത്രം ശക്തമായ മാധ്യമപിന്തുണയോടെ ഇന്ത്യയിൽ സജീവമായി. അർണബ് ഗോസ്വാമി

നയിക്കുന്ന റിപ്പബ്ലിക്കൻ ചാനലിന്റെ ആദ്യത്തെ ഇൻവെസ്റ്റർ രാജീവ് ചന്ദ്രശേഖറാണെന്ന വസ്തുത ഏവർക്കും അറിവുള്ളതാണല്ലോ. 1987ന് ശേഷം ദൂരദർശൻ ടെലികാസ്റ്റ് ചെയ്ത രണ്ട് സീരിയലുകളിലൂടെയാണ് ഹിന്ദുത്വ ഇന്ത്യൻ ഗ്രാമങ്ങളിലേക്ക് ആഴത്തിൽ വേരോട്ടം നടത്തിയ തെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകം കേരളത്തിലെ ഗ്രാമഗ്രാമാന്തരങ്ങളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ വളർത്തിയതുപോലെ ഇതിഹാസങ്ങ ളെ ആസ്പദമാക്കിയിട്ടുള്ള ടെലിവിഷൻ സീരിയലുകൾ ഇന്ത്യൻ ഗ്രാമങ്ങളിൽ സംഘപരിവാർ ആശയങ്ങളെ എളുപ്പം എത്തിക്കുന്നതിനുള്ള ഉപകരണങ്ങളായി മാറി.

എന്താണ് ഫാസിസമെന്ന ചോദ്യത്തിന് മുസ്സോളിനി നൽകുന്ന മറുപടി ശ്രദ്ധേയമാ ണ്. ഭരണകൂടവും കോർപ്പറേറ്റിസവും തമ്മിലുള്ള സമ്പൂർണ്ണ ലയനമാണ് ഫാസിസം. മാധ്യമ രംഗത്തും ഇതേ സാഹചര്യം കാണാം. മാധ്യമങ്ങളിൽ സ്വകാര്യനിക്ഷേപം വർധിക്കുകയും അവ സംരംഭങ്ങളായി മാറുകയും ചെയ്തു. ഒപ്പം ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്രത്തെ ഒളിഞ്ഞും തെളിഞ്ഞും പിന്തുണയ്ക്കുകയും ചെയ്യുന്നു. ഇത്തരം മാധ്യമങ്ങൾ ദളിത്, കീഴാള ആദിവാസി പ്രശ്നങ്ങളെ അരികുവത്കരിക്കുന്നു.

**മാധ്യമങ്ങളിലെ ദളിത് അഭാവം**

കാണുന്നീലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി എന്ന പൊയ്കയിൽ അപ്പച്ചന്റെ വിലാപം ഇന്ത്യൻ ചരിത്രത്തിൽ മാത്രമല്ല മാധ്യമരംഗത്തും പ്രസക്തമാണ്. ആഹ്ലാദജനകമായ (Feel Good) ജേർണലിസത്തിന് പിന്നാലെ പായുകയാണ് നമ്മുടെ മാധ്യമങ്ങൾ. ഗ്രാമീണ ഇന്ത്യയുടെ ശബ്ദങ്ങൾ ഇന്നത്തെ മാധ്യമലോകത്ത് കേൾക്കാനില്ല. വേട്ടയാടപ്പെടുന്ന ദലിത് വിഭാഗങ്ങളും ന്യൂനപക്ഷങ്ങളും കർഷകരും തൊഴിലാളികളും ഇന്ത്യൻ പരമ്പരാഗതപത്രങ്ങളുടെ മുൻപേജിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നു. 2011ലെ സെൻസസ് അനുസരിച്ച് 70 ശതമാനത്തോളം ഇന്ത്യക്കാർ ഗ്രാമങ്ങളിലാണ് താമസിക്കുന്നത്. വളരെ കുറഞ്ഞ സമയവും സ്ഥലവും മാത്രമാണ് ഗ്രാമീണ ഇന്ത്യയ്ക്ക് വേണ്ടി ഇന്ത്യൻ മാധ്യമങ്ങൾ ഉപയോഗിക്കുന്നത്.

രാജ്യത്ത് ദിനംപ്രതി കർഷക ആത്മഹത്യകൾ നടക്കുന്നതായി കണക്കുകൾ പറയുന്നു. ആത്മഹത്യ ചെയ്യുന്ന കർഷകരിൽ നല്ലൊരു ശതമാനവും ദളിതരും പിന്നാക്കവിഭാഗങ്ങളിൽ പെട്ടവരുമാണ്. ഇവയൊന്നും പ്രൈം ടൈം വാർത്തകൾക്കും ചർച്ചകൾക്കും വിഷയങ്ങളല്ല. പാവപ്പെട്ടവരുടെ ആരോഗ്യകാര്യങ്ങളിൽ, വിദ്യാഭ്യാസസൗകര്യലഭ്യതയിൽ, തൊഴിലില്ലാ യ്മയിൽ, കർഷകപ്രശ്നങ്ങളിൽ, വയോജനങ്ങളുടെ ജീവിതസൗകര്യങ്ങളിൽ മാധ്യമങ്ങൾക്ക് ശ്രദ്ധയില്ല. സിനിമാതാരങ്ങളുടെയും ബിസിനസുകാരുടെയും മറ്റും പകിട്ടുള്ള ജീവിതം, ഗോ സിപ്പുകൾ, ഫാഷൻ, സ്റ്റോക്ക് മാർക്കറ്റ്, രാഷ്ട്രീയവിവാദങ്ങൾ എന്നിവയിലൊക്കെയാണ് മുഖ്യ ധാരാമാധ്യമലോകം അഭിരമിക്കുന്നത്. അടിസ്ഥാനജനതയുമായി ബന്ധപ്പെട്ട വാർത്തകളെ തമസ്കരിക്കുന്നതിലൂടെ വർത്തമാനകാലത്തെ കൂട്ടായ മറവിയെ കൂടി മാധ്യമങ്ങൾ സൃഷ്ടിക്കുന്നു.

സ്വതന്ത്ര വാർത്താവിനിമയോപാധികൾ എന്നതിനപ്പുറം സർക്കാർ വിലാസം ഏജന്റു മാർ എന്ന നിലയിലേക്ക് മാധ്യമങ്ങൾ മാറിയിരിക്കുന്നു. ഭരണകക്ഷിയുടെ പരിലാളനത്തിനു വേണ്ടിയുള്ള കിടമത്സരങ്ങളും നടക്കുന്നു. ദേശീയമാധ്യമങ്ങളുടെ വിധേയത്വം മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചതായി കാണാം. അവർക്ക് സർക്കാരിനോട് ചോദ്യങ്ങൾ ചോദിക്കാ

 ISSN: 2582 - 2594

നില്ലെന്നായി. കോർപ്പറേറ്റ് അഴിമതികളും വർഗീയസംഘർഷങ്ങളും ആൾക്കൂട്ടാക്രമണങ്ങളും കീഴാളമനുഷ്യർക്കെതിരായ അതിക്രമങ്ങളും പ്രൈം ടൈം ചർച്ചകളിൽ ഇടം പിടിക്കാതായി.

വ്യാജവാർത്തകളും (Fake News) പണം നൽകിയുള്ള വാർത്തകളും (Paid News) ഇത്തരം ദുഷ്പ്രവണതകളുടെ ഉപോല്പന്നങ്ങളാണ്. വ്യാജവാർത്തകളിലൂടെ വ്യാജപൗരാവലി സൃഷ്ടിക്കപ്പെടുന്നു. അസത്യങ്ങളും അർദ്ധസത്യങ്ങളും മുൻവിധികളും വെറുപ്പും വാർത്തകളായി നിരന്തരം അവതരിക്കപ്പെടുമ്പോൾ സമൂഹം ചിന്താശൂന്യമായ ആൾക്കൂട്ടമായി മാറും. വ്യത്യസ്ത വീക്ഷണങ്ങളും ആശയങ്ങളും ഇല്ലാതാവുമ്പോൾ രാഷ്ട്രീയത്തിലും ബദലുകൾ ഇല്ലാതാവും. ഒരു ജനാധിപത്യസമൂഹം എന്ന നിലയിൽ നാം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണിത്. ദളിതർക്കെതിരേ നിർമിക്കപ്പെട്ട പല വാർത്തകളും വ്യാജമായിരുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ കീഴാളരെ അപരവൽക്കരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഇത്തരം വാർത്തകൾ ചുട്ടെടുക്കപ്പെടുന്നത്.

ജനപക്ഷത്തു നിന്നല്ല സ്വന്തം താല്പര്യങ്ങളുടെ പക്ഷത്തു നിന്നാണ് ഇന്ന് ഇന്ത്യയിലെ മാധ്യമങ്ങൾ പ്രവർത്തിക്കുന്നത്. മനുഷ്യപക്ഷമാണ് മാധ്യമപക്ഷം എന്ന് ബി ആർ പി ഭാസ്കർ വ്യക്തമാക്കുന്നുണ്ട്. മാധ്യമങ്ങൾ പബ്ലിക് സ്പേസിൽ പ്രവർത്തിക്കുന്നതുകൊണ്ട് തന്നെ പൊതുജനങ്ങൾക്ക് വേണ്ടിയുള്ളതാണ്. സമൂഹത്തിന്റെ താൽപര്യങ്ങൾ മുൻനിർത്തി മാത്രമേ മാധ്യമങ്ങൾക്ക് പ്രവർത്തിക്കാനാകൂ. ഇത് തന്റെ സ്ഥാപനമായതിനാൽ തനിക്കിഷ്ടമുള്ളത് എഴുതുമെന്ന് പറയാൻ ഒരു പത്രമുടമയ്ക്കും അവകാശമില്ലെന്നാണ് ബി ആർ പി ഭാസ്കർ വ്യക്തമാക്കുന്നത്.

### മാധ്യമങ്ങളും അഭിപ്രായരൂപീകരണവും

1930 ൽ പ്രബോധകൻ ആരംഭിക്കുമ്പോൾ, മലയാളത്തിലെ വലിയ പത്രാധിപരിൽ ഒരാളായിരുന്ന കേസരി തന്റെ മാധ്യമപ്രവർത്തനത്തിന്റെ നിലപാടുതറ വെളിവാക്കുന്നുണ്ട്. വാർത്താവതരണത്തേക്കാൾ വാർത്താവിശകലനത്തിനാണ് പ്രബോധകൻ പ്രാധാന്യം നൽകുകയെന്ന് കേസരി വ്യക്തമാക്കുന്നു. ഒരു വാർത്തയെ കേവലം വാർത്തയായി മാത്രം കാണാതെ, അത് ചരിത്രബന്ധങ്ങളുടെയും സാമൂഹികബന്ധങ്ങളുടെയും സവിശേഷസ്ഥാനമായി കണ്ട് വിശകലനാത്മകമായി അവതരിപ്പിക്കുക വഴി സാമൂഹികയാഥാർത്ഥ്യങ്ങളുടെ വലിയൊരു ലോകം തുറന്നിടാമെന്ന് കേസരി പറയുന്നു. പത്രത്തെ ജനാധിപത്യത്തിന്റെ നാലാം തൂണാക്കുന്നത് ഇത്തരം ആരോഗ്യകരമായ വിശകലനങ്ങളാണ്. വാർത്താവിശകലനത്തിൽ വിമർശനാവബോധം നിലനിർത്തുന്നതിലൂടെ സാമൂഹികരംഗം കൂടുതൽ ആരോഗ്യകരമായി മാറ്റപ്പെടും.

ബഹുജനമാധ്യമരംഗത്ത് ഭിന്നമാനങ്ങളുള്ള, ഭിന്നകാഴ്ചപ്പാടുകളുള്ള അഭിപ്രായങ്ങൾ രൂപപ്പെടുന്നു. ബഹുജനമാധ്യമസംസ്കാരത്തിന്റെ പ്രത്യേകതകളിലൊന്ന് അന്തിമമായൊരു ഏകാഭിപ്രായം ഇല്ല എന്നതാണ്. യോജിക്കാനും വിയോജിക്കാനുമുള്ള അവകാശം നിലനിൽക്കുന്നു. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന മാധ്യമങ്ങളുടെ സവിശേഷതയാണ് ബഹുസ്വരത. പല കോണുകളിൽ നിന്നും നോട്ടപ്പാടുകളിൽ നിന്നുമുള്ള വ്യത്യസ്ത അഭിപ്രായങ്ങളെ സംവാദകേന്ദ്രമായി അവതരിപ്പിക്കാൻ മാധ്യമങ്ങൾക്കു കഴിയണം. പക്ഷപാതപരമായ ഒരു വീക്ഷണത്തെ ഉയർത്തിപ്പിടിക്കുമ്പോൾ ജനാധിപത്യം ദുഷിക്കുകയാണ് ചെയ്യുക. ഹേബർ മാസ്

പൊതുമണ്ഡലത്തിന്റെ വലിയ സവിശേഷതയായി പറയുന്നത് അന്തിമമായ അഭിപ്രായത്തെ രൂപപ്പെടുത്തുന്ന അധികാരസ്ഥാനത്തിന്റെ ഇല്ലായ്മയാണ്. മറ്റൊരു സുപ്രധാന ദൗത്യമാണ് മാധ്യമങ്ങൾ പുലർത്തുന്ന വിമർശനശേഷി. ആധുനിക മാധ്യമങ്ങൾ മൂലധനതാൽപര്യങ്ങളോട് ചേർന്നുനിൽക്കാൻ തുടങ്ങിയപ്പോൾ ജനാധിപത്യപരമായ പൊതുമണ്ഡലം അവസാനിച്ചുവെന്ന് ഹേബർ മാസ് പറയുന്നു. ദളിത് രാഷ്ട്രീയവുമായി ബന്ധപ്പെട്ട വാർത്തകളെ വിശകലനാത്മകമായി അവതരിപ്പിക്കുന്നതിനു പകരം അതിലെ വിനോദ, വിവാദമൂല്യങ്ങൾക്കാണ് മാധ്യമങ്ങൾ പ്രാധാന്യം നൽകുന്നത്.

പൊതുജനാഭിപ്രായരൂപീകരണം മാധ്യമങ്ങളുടെ പ്രധാനപ്പെട്ട ധർമ്മമാണെന്ന് കേസരി വ്യക്തമാക്കുന്നുണ്ട്. പൊതുജനാഭിപ്രായം പലപ്പോഴും വസ്തുതാപരമാകണമെന്നില്ല. സമൂഹത്തിന്റെ അഭിപ്രായം പ്രകടിപ്പിക്കൽ മാത്രമല്ല പൊതുജനാഭിപ്രായത്തിന്റെ രൂപീകരണവും മാധ്യമധർമ്മമാണ്. നിലനിൽക്കുന്ന ഒന്നിനെ എടുത്തുകാണിക്കൽ മാത്രമാണ് വാർത്താപ്രകാശനം. ഇന്ന് കോർപ്പറേറ്റ് താല്പര്യങ്ങൾക്കും കമ്പോളയുക്തിക്കും സമഗ്രാധിപത്യഭരണകൂടത്തിന്റെ താൽപര്യങ്ങൾക്കും അനുഗുണമായും അനുകൂലമായും പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിനുള്ള ശ്രമമായി പത്രങ്ങൾ തരംതാണിരിക്കുന്നു. നോം ചോംസ്കി വിശദീകരിക്കുന്ന മാനുഫാക്ചറിങ് കൺസന്റ് (സമ്മതിയുടെ നിർമ്മാണം) എന്ന ആശയത്തെ നടപ്പാക്കുന്ന രീതിയിൽ മാധ്യമരാഷ്ട്രീയം പ്രവർത്തിക്കുന്നു. പൊതുസമ്മതിയുടെ നിർമ്മിതിയ്ക്കു പിന്നിൽ ഭരണകൂടത്തിന്റെ ഉരുക്കുമുഷ്ടിയുണ്ട്. ജനങ്ങൾക്ക് വിവരങ്ങളും വിനോദങ്ങളും പ്രദാനം ചെയ്യുമ്പോൾ തന്നെ ജനങ്ങളിൽ ഭരണകൂടം ആഗ്രഹിക്കുന്ന മൂല്യങ്ങളും ആശയങ്ങളും കുത്തിവയ്ക്കുകയും ചെയ്യുന്നു. ഭരണകർത്താക്കളുടെ ആവശ്യകതകൾ നിറവേറ്റുന്നതിന് അനുകൂലമായ ഉള്ളടക്കം സൃഷ്ടിക്കലായി മാധ്യമപ്രവർത്തനം മാറിക്കഴിഞ്ഞു. വാർത്തകൾ പ്രത്യയശാസ്ത്രപരമായ അരിപ്പയിലൂടെ കടന്നുപോവുകയും ഭരണകൂടത്തിന് അനഭിമതമായ വാർത്തകൾ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു.

മാധ്യമപ്രവർത്തനത്തിന്റെ നാൾവഴിചരിത്രത്തിലേയ്ക്ക് പോകുന്നതിനോടൊപ്പം മാധ്യമരംഗത്തെ വ്യവഹാരനിർമ്മിതികളെയും പരിശോധനയ്ക്കു വിധേയമാക്കണം. ദൈനംദിന സംഭവങ്ങളെ സംബന്ധിച്ച വിവരങ്ങളും വാർത്തകളും ജനങ്ങളിലെത്തിക്കുന്നതിനുള്ള ഉപകരണങ്ങൾ മാത്രമല്ല മാധ്യമങ്ങൾ. മറിച്ച് അവ സവിശേഷ രാഷ്ട്രീയാവബോധനിർമ്മിതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ആയുധങ്ങൾ കൂടിയാണ്. ജനാധിപത്യത്തിന്റെ നാലാം തൂൺ എന്നൊക്കെ അക്കാദമികരംഗത്ത് വിശേഷിപ്പിക്കാറുണ്ടെങ്കിലും കപടവും കൃത്രിമവുമായ പൊതുബോധം രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങൾക്കുള്ള പങ്ക് വലുതാണ്.

### ദലിത് മുഖ്യധാരാമാധ്യമങ്ങളുടെ ആവശ്യകത

കേരളത്തിലെ ദലിതുകൾക്കും ഗോത്രസമുദായങ്ങൾക്കും വേണ്ടി സംസാരിക്കുവാൻ ഒരു മുഖ്യധാരാമാധ്യമം ആവശ്യമായിരിക്കുന്നു. അസ്പൃശ്യർക്കു വേണ്ടി സമൂഹത്തോട് സംസാരിക്കുവാനോ അവരുടെ ശരിയായ സാമൂഹിക, സാമ്പത്തിക പ്രശ്നങ്ങൾ മുഖ്യധാരയിലേക്ക് എത്തിക്കുവാനോ നിലവിലുള്ള അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾക്കു കഴിയുന്നില്ല. ദലിതരും ഗോത്രവർഗജനതയും പുതിയ നൂറ്റാണ്ടിൽപോലും ഉത്പാദനശക്തിയാകുന്നില്ല. അവർ എപ്പോഴും സ്വീകർത്താക്കൾ മാത്രമായി മറ്റുള്ളവരുടെ ഇരയായി മാറുന്ന കാഴ്ചയാണുള്ളത്.


ISSN: 2582 - 2594

സ്വാതന്ത്ര്യം കിട്ടി 79 വർഷം പിന്നിട്ടിട്ടും കേരളത്തിലെ ദലിത് വിഭാഗങ്ങൾക്ക് ഇട പെടാനുള്ള ഒരു മുഖ്യധാരാമാധ്യമം ഇല്ലെന്നത് സാമൂഹികവും സാമ്പത്തികവുമായ അസമത്വ ത്തിന്റെ പ്രതീകമാണ്. ദലിത് പ്രശ്നങ്ങളെ ആവിഷ്കരിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്ന, ദേശീയതലത്തിൽ പ്രചാരമുള്ള ഒരു പത്രത്തിനായി കാൻഷിറാം ശ്രമം നടത്തിയിരുന്നു. ദലിത് ക്യാപ്പിറ്റലിസ്റ്റുകളുടെ കുറവുമൂലമാണ് കാൻഷിറാമിന് ഇന്ത്യയിലെ തന്നെ പ്രഥമ ദലിത് മാധ്യമം തുടങ്ങാൻ കഴിയാതെ പോയത്.

ദലിതരുടെ ഐക്യമില്ലായ്മയാണ് മുഖ്യധാരാ മാധ്യമം രൂപപ്പെടുത്തുന്നതിനുള്ള മറ്റൊരു തടസ്സം. വിദ്യാഭ്യാസത്തിലെ പിന്നാക്കാവസ്ഥയും പ്രതികൂലഘടകമായി വർത്തിക്കുന്നു. ഉയർന്ന വിദ്യാഭ്യാസം നേടുവാൻ പട്ടികജാതി/പട്ടികവർഗവിഭാഗങ്ങളിലെ ഭൂരിഭാഗത്തിനും കഴിഞ്ഞി ട്ടില്ല. ആദിവാസികളുടെ കാര്യം നോക്കുകയാണെങ്കിൽ ധാരാളം പേർ സ്കൂളിന്റെ പ്രാഥമികഘ ട്ടത്തിൽ തന്നെ പഠനം നിർത്തുന്നു. അതിനുള്ള ഒരു കാരണം ആദിവാസി ഗോത്രഭാഷയിൽ പഠനം ലഭ്യമാക്കുന്ന സ്കൂളുകളുടെ അഭാവമാണ്. ദലിത് മാധ്യമങ്ങളുടെ സർക്കുലേഷൻ അവരുടെ അംഗബലത്തെ കൂടി ആശ്രയിച്ചിരിക്കും. വരിക്കാരുടെ എണ്ണത്തിൽ വരുന്ന കുറവുകൾ ഒരു മാധ്യമത്തിന്റെ പരസ്യവരുമാനത്തെ ബാധിക്കും. സർക്കുലേഷനിലെയോ റേറ്റിങ്ങിലെയോ മുൻതൂക്കമാണ് മാധ്യമത്തിന്റെ പ്രധാന വരുമാനസ്രോതസ്സായ പരസ്യങ്ങൾ സംഭാവന ചെ യ്യുന്നത്. നിർഭാഗ്യവശാൽ ദലിത് മാധ്യമങ്ങൾക്ക് ഈ വ്യവസായത്തിൽ പിടിച്ചുനിൽക്കാൻ പറ്റുന്ന വരുമാനം പരസ്യങ്ങളിൽനിന്ന് ലഭിക്കുന്നില്ല. സർക്കുലേഷൻ കുറവായതാണ് വരുമാനം കുറയുന്നതിനുള്ള പ്രധാന കാരണം.

**ഉപസംഹാരം**

മുതലാളിത്ത പ്രസിദ്ധീകരണങ്ങളും മാധ്യമങ്ങളും ഇന്ന് കീഴാളർക്ക് കൂടി അല്പം ഇടം മാറ്റിവയ്ക്കുന്നത് അവരുടെ കച്ചവടതാൽപര്യം കൊണ്ട് മാത്രമാണ്. അല്ലാതെ ആശയപരമോ ആദർശപരമോ ആയ നിലപാടുകളുടെ അടിസ്ഥാനത്തിലുള്ളതല്ല. കീഴാളരാഷ്ട്രീയം ശക്തമാ യി മുഴങ്ങണമെങ്കിൽ ഇത്തരം ചെറിയ ഇടങ്ങൾ ഉപയോഗപ്പെടുത്തിയാൽ മാത്രം മതിയാ കില്ല. സമൂഹത്തെ നേർവഴി നടത്താനോ അടിച്ചമർത്തപ്പെടുന്നവരുടെ നാവായി മാറുവാനോ മാധ്യമപ്രവർത്തകൻ ആഗ്രഹിച്ചാൽ തന്നെ കോർപ്പറേറ്റ് മൂലധനവ്യവസ്ഥയ്ക്ക് അടിമയായ മാധ്യമസ്ഥാപനത്തിന് ഈദൃശമായ ആദർശങ്ങളൊന്നും സ്വീകാര്യമായിക്കൊള്ളണമെന്നി ല്ല. ദളിതർ സമ്പന്നരല്ലാത്തതിനാൽ മുഖ്യധാരയിൽ നിന്ന് അവന്റെ സങ്കടങ്ങളും പ്രശ്നങ്ങളും മാറ്റിനിർത്തപ്പെടുന്നു. കമ്പോളത്തിലെ ഉപഭോക്തൃശ്രേണിയിൽ ഏറ്റവും താഴെ കിടക്കുന്നവ നും ക്രയവിക്രയസാധ്യതകളിൽ ചലനങ്ങളുണ്ടാക്കുവാൻ പ്രാപ്തിയില്ലാത്തവനുമായ ദളിതൻ അരികുവത്കരിക്കപ്പെടുന്നു.

ആർട്ടിക്കിൾ 19.1എ യിൽ വിശദമാക്കുന്ന അഭിപ്രായസ്വാതന്ത്ര്യം മാധ്യമരംഗത്ത് അപ്രധാനമായി മാറിയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മാധ്യമസ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ ഇന്ത്യയുടെ സ്ഥാനം 157-ാം സ്ഥാനത്തെത്തിയെന്നാണ് 2026ലെ ആഗോള റിപ്പോർട്ട്. ഭയകൗടില്യലോഭങ്ങൾ വളർക്കില്ലൊരു നാടിനെ എന്ന സ്വദേശാഭിമാനിയുടെ ആപ്തവാക്യത്തിന് ഇന്നും പ്രാധാന്യമുണ്ട്. ഭയം ഭരിക്കുന്ന രാജ്യത്ത് പത്രപ്രവർത്തകരും പത്ര

മേധാവികളും ഭരണകൂടത്തെ ഭയപ്പെടും. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും പ്രവർത്തിക്കുന്ന ദളിത് വിവേചനം വാർത്താവതരണത്തിലും പ്രകടമാകുന്നു. സത്യാനന്തരകാലഘട്ടത്തിൽ വാർത്തകളെ തമസ്കരിക്കുകയോ ന്യൂനീകരിക്കുകയോ ചെയ്യുമ്പോൾ വ്യാജമായ പൊതുബോധം സൃഷ്ടിക്കപ്പെടുന്നു. ആരോഗ്യകരമായ പൊതുമണ്ഡലരൂപീകരണത്തിൽ സാമൂഹ്യവിമർശനശേഷിയുള്ള, വിശകലനാത്മകമായ വാർത്താവതരണങ്ങൾക്കുള്ള സ്ഥാനം മാധ്യമങ്ങൾ പരിഗണിക്കുന്നില്ല. ദളിത്, ആദിവാസി, കീഴാള സംബന്ധിയായ വാർത്തകളെ ആരോഗ്യകരമായ പൊതുമണ്ഡലം രൂപപ്പെടുത്തുന്ന വിധത്തിൽ മാധ്യമങ്ങൾ അവതരിപ്പിക്കാത്തതിനാൽ സമത്വത്തിൽ അടിയുറച്ച സാമൂഹ്യനീതി ഇപ്പോഴും അകലെയായിരിക്കുന്നു.

## ആധാരസൂചി


1. ഡോ. വള്ളിക്കാവ് മോഹൻദാസ്, കീഴാള പത്രപ്രവർത്തനം, ചിന്ത പബ്ലിഷേഴ്സ്, 2017
2. എം. സ്വരാജ് എഡി., നാലാം തൂണിന്റെ പക്ഷം, ചിന്ത പബ്ലിഷേഴ്സ്, 2026.
3. രാജേഷ് ചിറപ്പാട് (എഡിറ്റർ), ദലിത് വർത്തമാനം, മൈത്രി ബുക്സ്, 2022
4. പ്രദീപൻ പാമ്പിരിക്കുന്ന്, ദലിത് പഠനം: സ്വത്വം സംസ്കാരം സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2007
5. കെ.വി. ശശി, കീഴാളവിമർശം, മലയാളം സർവകലാശാല പ്രസിദ്ധീകരണം, 2019



ISSN: 2582 - 2594